**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലാ പഞ്ചായത്ത് - കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് പ്ലാൻ ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും 50 ലക്ഷം രൂപ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **1010**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 31.03.2012.

---

പരാമർശം:-
1) എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.03.2012-ലെ ഡി.പി7-4068/11 നമ്പർ കത്ത്.
2) 28.03.2012-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.62-ാം നമ്പർ തീരുമാനം.
3) 21.01.2012-ലെ സ.ഉ.(സാധാ.) നം. 246/12/ത.സ്വ.ഭ.വ.

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ കത്തിന്റെയും പരാമർശം രണ്ടിലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെയും വെളിച്ചത്തിൽ; കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് എറണാകുളം ജില്ലാ പഞ്ചായത്ത് 2011-12 വാർഷിക പദ്ധതി - പ്ലാൻഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും **50 ലക്ഷം രൂപ** നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ കൂടി സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ജമുന,
അഡിഷണൽ സെക്രട്ടറി.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, എറണാകുളം.
ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ